# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 1491 16/03/2015 - ൽ മറുപടിക്ക്

' സർക്കാരിന്റെ പത്ര പ്രസിദ്ധീകരണം '

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ | | ശ്രീ. കെ.സി.ജോസഫ് ( ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| *(എ)*. സർക്കാർ സ്വന്തമായി പത്രം പ്രസിദ്ധീകരിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | *(എ)* | ഉണ്ട് |
| *(ബി)*. ദിനപത്രമായിട്ടാണോ പ്രതിവാര പത്രിക ആയാണോ പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | *(ബി)* | തുടക്കത്തിൽ മാസത്തിൽ ഒന്ന് എന്ന ക്രമത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ ആണ് പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നത് |
| *(സി)* പത്രം ജനങ്ങൾക്ക് സൗജന്യമായി നൽകുവാനാണോ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ; | *(സി)* | അതെ |
| *(ഡി)* സൗജന്യമായാണു നൽകുന്നതെങ്കിൽ കേരളത്തിലെ എല്ലാ കുടുംബങ്ങളിലും പത്രം എത്തിക്കുവാൻ ഏതു മാർഗ്ഗമാണു സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ; | *(ഡി)* | ദിനപ്പത്രങ്ങളോടൊപ്പം വിതരണം ചെയ്ത് ഘട്ടംഘട്ടമായി സംസ്ഥാനത്തെ പരമാവധി കുടുംബങ്ങളിലും എത്തിക്കാനാണ് ലക്ഷ്യമിടുന്നത് |
| *(ഇ)* എല്ലാ കുടുംബങ്ങൾക്കും സൗജന്യമായി ലഭ്യമാക്കുവാൻ എത്ര കോപ്പി പ്രസിദ്ധീകരിക്കേണ്ടി വരും എന്നു വ്യക്തമാക്കുമോ; | *(ഇ)* | ഈ കണക്ക് തയ്യാറാക്കിയിട്ടില്ല. |
| *(എഫ്)* ദിനപത്രമാണെങ്കിൽ പ്രതിദിനം എത്ര തുക ചെലവഴിക്കേണ്ടി വരുമെന്നും പ്രതിവാര പത്രികയാണെങ്കിൽ ആഴ്ച തോറും എത്ര തുക ഇതിനായി ചെലവഴിക്കേണ്ടി വരുമെന്നും കണക്കായിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ? | *(എഫ്)* | കണക്കാക്കിയിട്ടില്ല. |

RJayasree

സെക്ഷൻ ഓഫീസർ